12435
26/6/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - മൂന്നാർ ഫോറസ്റ്റ് ഡിവിഷനിലെ മൂന്നാർ റെയിഞ്ചിൽ ദേശീയ വനവൽക്കരണ പദ്ധതിയിൽ വൻതോതിൽ സർക്കാർ പണം ദുരുപയോഗം ചെയ്തത്- സർവ്വശ്രീ. ജോഷി സെബാസ്റ്റ്യൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡി.അനിൽ ഘോഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ആർ.റോയി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, എസ്. ഹരികുമാരൻ നായർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

---

**സ.ഉ.(സാധാ) നം.276/2018/വനം** തീയതി,തിരുവനന്തപുരം, 08/06/2018

---

പരാമർശം:- 1 04.11.2013 ലെ കോട്ടയം ഹൈറേഞ്ച് സർക്കിൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (വൈൽഡ് ലൈഫ്) പിഎഫ്എം-2678/13 നമ്പർ റിപ്പോർട്ട്

2 09.12.2014 ലെ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ വിസി3-6670/11 നമ്പർ റിപ്പോർട്ട്

3 19.11.2013 ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി8-46179/2013 നമ്പർ കത്ത്.

4 14.07.2015ലെ 14091/എ1/13/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും, 19.01.2016 ലെ 14091/എ1/13/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

5 05.11.2015 തീയതിയായി ശ്രീ.ജോഷി സെബാസ്റ്റ്യൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 21.07.2016 തീയതിയായി ശ്രീ.ആർ.റോയ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകൾ.

<u>ഉത്തരവ്</u>

മൂന്നാർ റെയിഞ്ചിൽ 2012-13 കാലയളവിൽ ദേശീയ വനവൽക്കരണ പദ്ധതി പ്രകാരം ഇടമലക്കുടി, മുളകുതറ, മീൻകുത്തി എന്നീ ആദിവാസി വന സംരക്ഷണ സമിതി മേഖലയിൽ എ.എൻ.ആർ. പെരനിയൽ ഹെർബ്സ് & ഷെർബ്സ് ഓഫ് മെഡിസിനൽ വാല്യൂ എന്നീ ജോലികൾ ചെയ്തതിൽ വ്യാപകമായ ക്രമക്കേടുകളും അഴിമതിയും നടന്നിട്ടുള്ളതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്), ഹൈറേഞ്ച് സർക്കിൾ കോട്ടയം, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർ പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ചെയ്തു.

2) ഇടമലക്കുടി, മുളകുതറ, മീൻകുത്തി എന്നിവിടങ്ങളിലെ ആദിവാസി വന സംരക്ഷണസമിതി മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കിയതെന്ന് പ്രാഥമിക റിപ്പോർട്ടിൽ

വെളിപ്പെട്ടുകയുണ്ടായി. റിപ്പോർട്ട് പ്രകാരം. മേൽ പദ്ധതികൾക്കായി 2,94,28,117/- രൂപയുടെ ബില്ലുകൾ ക്ലെയിം ചെയ്തു. ആയതിൽ 1,63,74,264/- രൂപയുടെ പാസ്സാക്കിയ ബില്ലുകളും അഡ്ജസ്റ്റ് ചെയ്യാത്ത 39,74,496/- രൂപയും ക്ലയിം ചെയ്തുവെങ്കിലും, പാസ്സാക്കാത്ത 90,79,357/- രൂപയുടെ ബില്ലുകളും ഉൾപ്പെട്ടിരുന്നു. എന്നാൽ ബില്ലുകളുടെ പരിശോധനയിൽ അർഹതപ്പെട്ട തുക 1,03,29,539/- രൂപയാണെന്ന് കണ്ടെത്തുകയുണ്ടായി. അതിൻ പ്രകാരം ദുരുപയോഗം ചെയ്ത സർക്കാർ തുക 60,44,725/- രൂപയാണെന്ന് നിർണ്ണയിക്കുകയുണ്ടായി. കൂടാതെ അർഹതപ്പെട്ട തുകയായ 1,03,29,539/- രൂപയിൽ 50 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് ഇനിയും നൽകാനുണ്ടെന്നും പ്രാഥമികാന്വേഷണത്തിൽ വെളിപ്പെട്ടുകയുണ്ടായി.

3) പ്രസ്തുത ക്രമക്കേടുകൾക്ക് താഴെപ്പറയുന്ന ഉദ്യോഗസ്ഥർ ഉത്തരവാദികളാണെന്ന് കണ്ടെത്തി.

1) ഡോ.എൻ.സി.ഇന്ദുചൂഡൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മൂന്നാർ (റിട്ട.)
2) ശ്രീ.ജോഷി സെബാസ്റ്റ്യൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
3) ശ്രീ.വി.സി.കാർത്തികേയൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
4) ശ്രീ.ഡി.അനിൽഘോഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
5) ശ്രീ.ആർ.റോയി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
6) ശ്രീ.എസ്.ഹരികുമാരൻ നായർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

4) തുടർന്ന് ടി വിഷയത്തിൽ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന ഒരു അന്വേഷണം നടത്തുകയുണ്ടായി. ആകെ 2,94,12,479/- രൂപയുടെ ബില്ല് സമർപ്പിച്ചുവെങ്കിലും ആയതിൽ 59,44,894/- രൂപയുടെ ജോലി മാത്രമേ യഥാർത്ഥത്തിൽ ചെയ്തിരുന്നുള്ളു. അതിൽ തന്നെ 35,03,366/- രൂപ മാത്രമാണ് ആദിവാസികൾക്ക് നൽകിയത്. ആകെ ബിൽ തുകയായ 2,94,12,497/- രൂപയിൽ 2,34,67,633/- രൂപയുടെ തെറ്റായ ബില്ലുകൾ ഉൾപ്പെട്ടിരുന്നു. ആയതിൽ 1,63,78,671/- രൂപ പാസ്സാക്കുകയുണ്ടായി. ദുരുപയോഗം ചെയ്യപ്പെട്ട തുക 1,28,75,305/- (1,63,78,671 - 35,03,336) രൂപയാണ്. പാസ്സാക്കിയെങ്കിലും അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കാത്ത 39,54,496/- രൂപയുടെ ബില്ലുകളും പാസ്സാക്കുകയോ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്യാത്ത 90,79,330/- രൂപയുടെ ബില്ലുകളും ഉണ്ടായിരുന്നു. കൂടുതൽ ഫണ്ട് ഉണ്ടായിരുന്നെങ്കിൽ ദുരുപയോഗത്തിന്റെ വ്യാപ്തി 1,30,33,826/- രൂപയിലും അധികമാകുമായിരുന്നു. പരാമർശം (3) പ്രകാരം അന്വേഷണ റിപ്പോർട്ടിൽ ക്രമക്കേടുകൾക്കുത്തരവാദികളായ 6 ഉദ്യോഗസ്ഥരിൽ നിന്നും സർക്കാർ നഷ്ടമായ 1,63,78,671/-രൂപ ഈടാക്കുന്നതിനും ടിയാന്മാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ടി വിഷയത്തിൽ പോലീസ് വിജിലൻസിനെക്കൊണ്ട് അന്വേഷണം നടത്തുന്നതിനും ശുപാർശ ചെയ്യുകയുണ്ടായി. ഈ വിഷയത്തിൽ വി.സി.3/14/ഐഡികെ ആയി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.

5) പരാമർശം (3) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.ഡി.അനിൽഘോഷ്, ആർ.റോയി, എസ്.ഹരികുമാരൻ നായർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.ജോഷി സെബാസ്റ്റ്യൻ എന്നിവർക്ക് കുറ്റപത്രം/കുറ്റാരോപണപത്രികയും വിരമിച്ച ഉദ്യോഗസ്ഥരായ സർവ്വശ്രീ.എൻ.സി.ഇന്ദുചൂഡൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വി.സി.കാർത്തികേയൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസും പരാമർശം (4) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് സർവ്വശ്രീ. ജോഷി സെബാസ്റ്റ്യൻ, ആർ.റോയി എന്നിവർ പരാമർശം (5) പ്രകാരം പ്രതിവാദ

പത്രിക സമർപ്പിച്ചു.

6) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ വളരെ വലിയ തുക (1,63,78,691/-രൂപ) സർക്കാർ നഷ്ടം വന്നിട്ടുള്ളതിനാലും കുറ്റാരോപിതർക്ക് നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം നൽകുന്നതിനും ടി വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനുമായി ഒരു ഔപചാരികാന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. സർവ്വശ്രീ.ജോഷി സെബാസ്റ്റ്യൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡി.അനിൽഘോഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ആർ.റോയി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, എസ്.ഹരികുമാരൻ നായർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ ഔപചാരികാന്വേഷണം നടത്തുന്നതിന് അന്വേഷണാധികാരിയായി ശ്രീ.സി.റ്റി.ജോജ്ജ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ) , സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ & പ്രൊട്ടക്ഷൻ, തൃശ്ശൂരിനെയും, പ്രസന്റിംഗ് ഓഫീസറായി ശ്രീ.എം.കെ.രജ്ഞിത്, പട്ടിക്കാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെയും നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

7) അന്വേഷണാധികാരി കർശനമായും 3 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. വിരമിച്ച ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ തലത്തിൽ തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
#ApprovedByDesignation#

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സി.റ്റി.ജോജ്ജ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (നോൺ കേഡർ),

സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ & പ്രൊട്ടക്ഷൻ, തൃശ്ശൂർ

ശ്രീ.എം.കെ.രജ്ഞിത്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പട്ടിക്കാട്

ശ്രീ.ജോഷി സെബാസ്റ്റ്യൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.ഡി.അനിൽഘോഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

ശ്രീ.ആർ.റോയി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

ശ്രീ.എസ്.ഹരികുമാരൻ നായർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ്

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

V.Beena

സെക്ഷൻ ഓഫീസർ